മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എന്ത ശിക്ഷയാണ് കൊടുത്തത്?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഡിഗ്രേഡ് ചെയ്തു.

മിസ്റ്റർ കെ. ടി. അച്ചുതൻ : ഏത സ്റ്റേഷനിലാണ് ഇതുണ്ടായത്?

മിസ്റ്റർ ബി. വി. കെ. മേനോൻ : തൃശ്ശിവപേരൂർ കസ്ബാ.

LIST OF POLICE OFFICERS DRAWING SALARY ABOVE Rs. 150

455. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ പോലീസ് ഡിപ്പാർട്ട്മെണ്ടിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരിൽ 150 ക.യ്ക്കുമേൽ ശമ്പളമുള്ളവർ എത്ര;

(ബി) അവർ ആരെല്ലാം; ഓരോരുത്തരുടേയും പരീക്ഷായോഗ്യത, ജാതി, സ്ഥിരം ശമ്പളം, ഒഫീഷിയേറ്റിംഗ് ശമ്പളം, ആകെയുള്ള സർവ്വീസ്, ഇവകളും പ്രത്യേകം പ്രത്യേകം കാണിക്കണം ;

(സി) ഇവർ ഓരോരുത്തക്കും ഇതുവരെ എത്ര റിവാർഡ് വീതം കിട്ടിട്ടുണ്ട്?

മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) ആറ്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) മേൽവിവരിച്ച ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : Intelligence and Transport Officer ുടെ ആദ്യത്തെ ശമ്പളമെന്തായിരുന്നു?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇതു പുതിയതായി ഉണ്ടാക്കിയ പോസ്റ്റാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിനു മുമ്പു ഈ Intelligence and Transport Officer ആയി നിയമിതനായ ആളുടെ ജോലി എന്തായിരുന്നു.

മിസ്റ്റർ ബി. വി. കെ. മേനോൻ : അദ്ദേഹം പൊല്ലീസ്സു കമ്മീഷണരുടെ പേർസനൽ അസിസ്റ്റണ്ടായിരുന്നു.

FOOD PRODUCTION SCHEME

456. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) അധീകൃത കോളനികളിൽപെട്ട സ്ഥലങ്ങൾ കോളനിവാസികളും അധീകൃതരും അല്ലാത്തവക്കും ഭക്ഷ്യോൽപാദന പദ്ധതി അനുസരിച്ചു കൃഷിചെയ്യുവാൻ കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം ഏതേതു കോളനികളിൽ ;

(സി) ആരാണ് ഇപ്രകാരം കൊടുത്തത് ;

(ഡി) സംരക്ഷകന്റെ അറിവും അനുവാദത്തോടുകൂടിയാണൊ ഈ സ്ഥലങ്ങൾ കൊടുത്തിട്ടുള്ളത്?

റാവു സാഹിബ് സി. ജെ. മാത്യു :

(എ) ഇപ്പോൾ ഇല്ല. ഉണ്ടായിരുന്നതു മടക്കി എടുത്തു.

(ബി), (സി) & (ഡി) ഉത്തരം ആവശ്യമില്ല.

RESOLUTION—ALL COCHIN VETTUVA MAHASABHA

457. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ ചിലേടങ്ങളിൽ അവിടത്തെ വേട്ടുവക്കു കോളനി വെച്ചുകൊടുക്കണമെന്നായി അഖിലകൊച്ചി വേട്ടുവ മഹാസഭയുടെ കഴിഞ്ഞ വാർഷികത്തിൽ നിന്നും പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടിയാണ് ഗവൺമെണ്ടു ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly